ഫോറസ്റ്റ് റേഞ്ച് ഓഫീസർ നിയമനം

295 (2170) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിലെ ഫോറസ്റ്റ് റേഞ്ച് ഓഫീസർ നിയമനത്തിനുള്ള സർവ്വീസ് റൂൾ നിലവിൽ വന്നിട്ടുണ്ടോ ;

(ബി) പ്രസ്തുത റൂൾ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചതിനുശേഷം റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ വിവിധ കാറ്റഗറികളിലായി നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ കാറ്റഗറിയിൽ ; എത്ര വീതം ;

(സി) വനം വകുപ്പിൽ ഫോറസ്ട്രി ബിരുദധാരികൾക്കായി നീക്കിവച്ചിട്ടുള്ള നിയമനത്തിനായി ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) പ്രസ്തുത കാറ്റഗറിയിലുള്ള നിയമനത്തിനായി 1962-ലെ സബോർഡിനേറ്റ് സർവ്വീസ് റൂളിൽ നിന്നും 2010-ലെ സ്പെഷ്യൽ റൂളിൽ എന്ത് മാറ്റമാണ് വരുത്തിയിട്ടുള്ളത് ;

(ഇ) റേഞ്ചർ നിയമനത്തിനായി സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് 1962-ലെ സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വനം വകുപ്പിലെ റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾ 21-10-2010-ലെ സ.ഉ. (പി) നമ്പർ 73/2010/വനം പ്രകാരം പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളതും ആയതിന് 10-9-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 80/2014/വനം പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതുമാണ്.

(ബി) 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം ബി.എസ്.സി. ഫോറസ്ട്രി ക്വാട്ടയിൽ 25 പേർക്കും ബി.എസ്.സി. സയൻസ്/എഞ്ചിനീയറിംഗ് ക്വാട്ടയിൽ 13 പേർക്കും, വനം വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗക്കാർക്ക് അനുവദിച്ച ക്വാട്ടയിൽ 2 പേർക്കും ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട വിഭാഗത്തിൽനിന്നും ഒരാൾക്കും നിയമനം നൽകിയിട്ടുണ്ട്.

(സി) നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1962-ലെ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 9 (എ) പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമനം ലഭിച്ച ഫോറസ്ട്രി ബിരുദധാരികൾക്ക് ഒരു വർഷത്തെ വകുപ്പുതല പ്രായോഗിക പരിശീലനം പൂർത്തീകരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ചട്ടം 9 (2) (എ) പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമനം ലഭിച്ച ഫോറസ്ട്രി ബിരുദധാരികൾക്ക് ഭാരത സർക്കാരിന്റെ ഫോറസ്റ്റ് എഡ്യൂക്കേഷൻ ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനത്തിൽ നിന്നും കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള റെയിഞ്ചേഴ്സ് ട്രെയിനിംഗ് പൂർത്തിയാക്കിയതിനുശേഷം ചട്ടം 9 (2) (ബി) പ്രകാരം ഒരു വർഷത്തെ വകുപ്പുതല പ്രായോഗിക പരിശീലനവും പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഇ) 1962-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ നിലവിലുണ്ടായിരുന്നപ്പോൾ ബി.എസ്സി. ഫോറസ്ട്രി ക്വാട്ടയിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ഉണ്ടായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. തയ്യാറാക്കി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്ന് 2010-ൽ സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നതിനുശേഷമുണ്ടായ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

ശബരിമലയിലെ കാടുകളിലെ അമൂല്യമായ മരങ്ങൾ

296 (2171) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലെ കാടുകളിലെ അമൂല്യമായ മരങ്ങൾ, വെടിപ്പുര കരാർ എടുത്തിരിക്കുന്ന ആളുകൾ വെട്ടി മാറ്റി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി എടുക്കാത്ത വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(ഡി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശബരിമലയിലെ വെടി കരാറുകാർ കൈവിരൽ നീളവും വണ്ണവുമുള്ള ചെറിയ മടുക്ക കമ്പുകൾ മുറിച്ച് കതിന കുറ്റിക്കുവേണ്ടി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly